നം. റ്റി.എ.4/4600/2019/കീം 2020/പ്ര.പ.ക

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

## കീം പ്രവേശനം- 2020-21

## വിവിധ സംവരണ ആനുകൂല്യ സർട്ടിഫിക്കറ്റുകൾ മുൻകൂർ വാങ്ങി വയ്ക്കുന്നത് സംബന്ധിച്ച്

2020-21 അദ്ധ്യയന വർഷത്തെ കീം പ്രവേശന പരീക്ഷാ നടപടികൾ 2020 ജനുവരി മാസത്തിൽ ആരംഭിക്കുന്നതാണ്. പ്രവേശനത്തിന് അപേക്ഷ സമർപ്പിക്കുന്ന സംവരണ വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ വിദ്യാർത്ഥികളും സംവരണ ആനുകൂല്യം ലഭിക്കുന്നതിനായി ഓൺലൈൻ അപേക്ഷയോടൊപ്പം തന്നെ ബന്ധപ്പെട്ട റവന്യൂ അധികാരികളിൽ നിന്നുള്ള ജാതി സർട്ടിഫിക്കറ്റ് (**SC/ST** വിഭാഗക്കാർ മാത്രം), നോൺ-ക്രീമിലെയർ സർട്ടിഫിക്കറ്റ് (**SEBC/OEC/**മിശ്ര വിവാഹിതരുടെ മക്കൾക്ക്), വരുമാന സർട്ടിഫിക്കറ്റ് (SC/ST/OEC വിഭാഗക്കാർ ഒഴികെയുള്ള ജനറൽ കാറ്റഗറി ഉൾപ്പെടെയുള്ള മറ്റ് വിഭാഗക്കാർ), നേറ്റിവിറ്റി സർട്ടിഫിക്കറ്റ് (സ്കൂൾ സർട്ടിഫിക്കറ്റ്/ജനന സർട്ടിഫിക്കറ്റിൽ ജനന സ്ഥലം രേഖപ്പെടുത്താത്തവർക്ക് മാത്രം) എന്നിവ മുൻകൂറായി വാങ്ങി സൂക്ഷിക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്ന സമയത്ത് അവ ഓൺലൈൻ അപേക്ഷയോടൊപ്പം അപ്ലോഡ് ചെയ്യേണ്ടതാണെന്നും ഇതിനോടകം അറിയിപ്പ് നൽകിയിട്ടുണ്ട്. ഓൺലൈൻ അപേക്ഷയോടൊപ്പം നിശ്ചിത തീയതിയ്ക്കകം ഓൺലൈനായി സമർപ്പിക്കുന്ന സർട്ടിഫിക്കറ്റുകൾ മാത്രമേ സംവരണാനുകൂല്യം അനുവദിക്കുന്നതിന് പരിഗണിക്കുകയുള്ളൂ എന്നതിനാൽ ഓരോ കാറ്റഗറിയ്ക്കും റവന്യൂ അധികാരികൾ നിശ്ചയിച്ചിട്ടുള്ള കാലാവധിക്കുള്ളിലുള്ള സർട്ടിഫിക്കറ്റുകൾ വാങ്ങി സൂക്ഷിക്കേണ്ടതും ഓൺലൈൻ അപേക്ഷ ക്ഷണിക്കുന്ന സമയം അപേക്ഷയോടൊപ്പം അപ്ലോഡ് ചെയ്യേണ്ടതുമാണ്. ഓൺലൈൻ അപേക്ഷയുടെയോ സർട്ടിഫിക്കറ്റുകളുടെയോ ഒറിജിനൽ/പ്രിന്റൗട്ട് പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിലേയ്ക്ക് അയയ്ക്കേണ്ടതില്ല.

എൻ.ആർ.ഐ, ന്യൂനപക്ഷ വിഭാഗം അപേക്ഷകർക്ക് ജനുവരിയിൽ അപേക്ഷാ സമർപ്പണം ആരംഭിക്കുന്ന സമയത്തു തന്നെ നിശ്ചിത രേഖകൾ ഓൺലൈനായി അപ്ലോഡ് ചെയ്യാൻ അവസരം ലഭിക്കുന്നതാണ്.

N.B: ബന്ധപ്പെട്ട റവന്യൂ അധികാരികളിൽ നിന്നുള്ള മേൽ സൂചിപ്പിച്ച സർട്ടിഫിക്കറ്റുകളുടെ 'ഇ-ഡിസ്ട്രിക്ട് സർട്ടിഫിക്കറ്റും' സ്വീകരിക്കുന്നതാണ്.

ഹെൽപ്പ് ലൈൻ നമ്പരുകൾ: **0471-2339101, 2339102, 2339103 & 2339104** (10 am-5 pm)

Seetha

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
23.12.2019